Mathrubhumi
മാതൃഭൂമി

വവ്വാലുകൾ മനുഷ്യന്റെ ഭക്ഷണം കഴിക്കാൻ വന്നുതുടങ്ങി എന്നതിന്റെ, വനനശീകരണത്തിന്റെ, ആവാസ വ്യവസ്ഥയുടെ അസന്തുലിതാവസ്ഥയുടെ സൂചനയാണ് നിപ. അത് കേവലം ഒരു പകർച്ചവ്യാധി അല്ല

# എന്തുകൊണ്ട് വീണ്ടും നിപ?



ഡോ. രാകേഷ് ടി. പാറക്കടവത്ത്

*"ഭൂതകാലത്തെ തെറ്റുകൾ ഓർത്തിരിക്കാത്തവർ അത് ആവർത്തിച്ചു കൊണ്ടിരിക്കും"*

***-ജോർജ് സെന്റിയേന***



നമുക്കറിയാവുന്ന പകർച്ചവ്യാധികളിൽ നിപയ്ക്ക് ഒരു സവിശേഷ സ്ഥാനമാണുള്ളത്. വവ്വാലുകളിൽനിന്ന് പടരുന്ന ഒരു ഒരു രോഗം മാത്രമല്ല നിപ; കാണാപ്പുറങ്ങളിൽ ആഗോളതാപനം, വനനശീകരണം, ജനസംഖ്യാ വിസ്ഫോടനം, പക്ഷിമൃഗാദികളുടെ അസാധാരണ സമ്പർക്കം-ഇതെല്ലാം ഒന്നായി മരണത്തിന്റെ രൂപത്തിൽ മുന്നിൽ വരുന്നതാണ് നിപ. കേരളത്തിലെ നിപയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പ് മലേഷ്യയിലും ബംഗ്ലാദേശിലും എങ്ങനെയാണ് വവ്വാലുകൾ ആളുകളെ ശിക്ഷിച്ചത് എന്ന് പഠിക്കുന്നത് നന്നായിരിക്കും; കാരണം ചരിത്രത്തിൽനിന്നും പാഠംപഠിക്കാത്തവർ അനുഭവിക്കും.

## » മലേഷ്യയിലെ നിപ

1998-ൽ മലേഷ്യയിലെ പന്നിക്കർഷകർഷകരിലാണ് ആദ്യം നിപ കണ്ടെത്തിയത് പനി, അപസ്മാരം, ബോധക്ഷയം തുടർന്നുള്ള മരണം ഇവയായിരുന്നു രോഗത്തിന്റെ ലക്ഷണങ്ങൾ തുടക്കത്തിൽ ഇത് ജാപ്പനീസ് എൻസിഫലിറ്റിസ് ആണെന്ന് തെറ്റിദ്ധരിക്കപ്പെട്ടു. കൊതുകുകളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തി. പിന്നീടാണ് ഇതൊരു പുതിയ തരം വൈറസ് ആണെന്ന് കണ്ടുപിടിക്കുകയും ഉറവിടം വവ്വാലുകൾ ആണെന്ന് മനസ്സിലാക്കുകയും ചെയ്തത്. വവ്വാലുകളുടെ വായിൽനിന്ന് വീണ പഴങ്ങൾ പന്നികൾ കഴിച്ചതായിരിക്കാം പകർച്ചവ്യാധിയുടെ കാരണം എന്ന് അനുമാനിക്കപ്പെട്ടു. സമ്പർക്കത്തിലൂടെയാണ് വൈറസ് പടരുന്നതെന്ന നിർണായക കണ്ടുപിടിത്തം പകർച്ചവ്യാധി അവസാനിപ്പിക്കാൻ സഹായിച്ചു.

## » ബംഗ്ലാദേശിലെ നിപ

പിന്നീട് നിപ തലപൊക്കിയത് ബംഗ്ലാദേശിലായിരുന്നു. മലേഷ്യയിൽ അത് തലച്ചോറിനെ ആയിരുന്നു ബാധിച്ചതെങ്കിൽ ഇവിടെ തലച്ചോറിനെയും ശ്വാസകോശത്തെയും ഹൃദയത്തെയും ബാധിക്കുന്ന മാരകമായ ഒരു രോഗമായാണ് കണ്ടത്. 2001-2020 കാലയളവിൽ 319 പോസിറ്റീവ് കേസുകളിൽ 225 മരണങ്ങൾ ഉണ്ടായി. രാത്രിയിൽ പനങ്കള്ള് കുടിക്കുന്ന വവ്വാലുകളാണ് ഇത് പടർത്തുന്നത് എന്ന് കണ്ടെത്തി. മുളപ്പായ ഉപയോഗിച്ച് കള്ള് ശേഖരിക്കുന്ന കുടങ്ങൾ മൂടാൻ തുടങ്ങിയപ്പോൾ പകർച്ചവ്യാധി ഒരു പരിധിവരെ നിയന്ത്രിക്കപ്പെട്ടു.

## » കേരളത്തിലെ നിപ

മൂന്നുശതമാനം വവ്വാലുകളുടെ വായിൽ മാത്രമേ സജീവ നിപ വൈറസ് സാന്നിധ്യം ഉണ്ടാവുകയുള്ളൂ. നിപ ആളുകളിലേക്ക് പകരണമെങ്കിൽ ഇത്തരം ഒരു വവ്വാൽ കടിച്ച പഴം മനുഷ്യൻ കഴിക്കുകയും രോഗമുണ്ടാക്കാൻ തക്കവണ്ണം അളവിൽ രോഗാണു പ്രവേശിക്കുകയും മനുഷ്യരിൽ രോഗലക്ഷണങ്ങൾ ഉണ്ടാവുകയും അത് കണ്ടുപിടിക്കുകയും ചെയ്യണം. ഇതെല്ലാം ഒരുമിച്ചു സംഭവിക്കാനുള്ള സാധ്യത വളരെ കുറവായതു കാരണമാണ് രോഗം വളരെ അപൂർവമായി കാണുന്നത്. വളരെ അടുത്തുള്ള ഇടപഴകലിലാണ് നിപ പടരുന്നത്. കോവിഡുപോലെ വായുവിൽക്കൂടി പടരുന്ന ഒരു രോഗമല്ല ഇത്. മാത്രമല്ല ലക്ഷണങ്ങൾ ഇല്ലാതെ ഇത് പടരുകയുമില്ല. അതുകൊണ്ടുതന്നെ നിയന്ത്രിക്കാൻ വളരെ എളുപ്പമാണ്.

കേരളത്തിൽ പന്നികളിൽനിന്നോ പനങ്ങളിൽ നിന്നോ അല്ല നിപ വന്നിരിക്കുന്നത്. മനുഷ്യരും വവ്വാലുകളും വളരെ ഉയർന്ന തോതിൽ ഭക്ഷണം പങ്കിടുന്നുണ്ട് എന്നതിന്റെ സൂചനകളാണ് നിപ നമുക്ക് തരുന്നത്. വവ്വാലുകൾക്ക് താമസിക്കാൻ വനമില്ലാതായി മാറിയിരിക്കുന്നു.

ഇതിനായി ഒരു മരുന്ന് കണ്ടുപിടിക്കാൻ സമയമെടുത്തേക്കാം. അപൂർവ രോഗങ്ങൾക്കെതിരേ വാക്സിൻ ഫലപ്രദമാണെന്ന് തെളിയിക്കാൻ പ്രയാസമുണ്ട്. പിന്നെ ആരാണ് നമ്മെ നിപയിൽനിന്ന് രക്ഷിക്കുക?

നാം തന്നെ.

രോഗങ്ങൾ, രോഗം പരത്തുന്ന ജീവികൾ, അവയുടെയും നമ്മുടെയും ആവാസവ്യവസ്ഥ, പരിസ്ഥിതി തുടങ്ങിയ പ്രശ്നങ്ങൾ ഒരേ സമയം പരിഹരിച്ചാൽ മാത്രമേ ഇത് സാധിക്കൂ. വനനശീകരണം തടയാൻ നമുക്ക് നേതൃതലത്തിലുള്ള ശക്തമായ സഹായം വേണം. വവ്വാലുകൾക്ക് അവരുടെ മരങ്ങളും പഴങ്ങളും തിരിച്ചുകൊടുക്കണം. അല്ലാത്തിടത്തോളം നിപ വീണ്ടും വീണ്ടുംവരും.

സാംക്രമിക രോഗവിഭാഗം, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ കണ്ണൂർ, മേയ്ത്ര ഹോസ്പിറ്റൽ കോഴിക്കോട്

## വവ്വാലുകൾ ശത്രുവോ മിത്രമോ ?

വവ്വാലുകളുടെ വായിൽ മഹാമാരി പടർത്താൻ ശേഷിയുള്ള ഒട്ടേറെ വൈറസുകൾ ഉണ്ട്. വവ്വാലുകൾ പറക്കുമ്പോളുണ്ടാകുന്ന 40 ഡിഗ്രി ശരീരതാപനിലവരെ താങ്ങാൻ കരുത്തുള്ളവയാണ് ഈ വൈറസുകൾ. തെക്കൻ ഓസ്ട്രേലിയ, ഇൻഡൊനീഷ്യ, മലേഷ്യ, ഇന്ത്യ തുടങ്ങിയ ഭാഗത്തെ പഴംതീനി വവ്വാലുകളിൽ നിപ സാന്നിധ്യം കുറെക്കാലമായി സ്ഥിരീകരിച്ചതാണ്.

വിത്തുകളുടെ വ്യാപനത്തിനായി 300-ഓളം സസ്യജാലങ്ങൾ പറക്കും കുറുക്കന്മാരെ (വലിയ വവ്വാലുകൾ) ആശ്രയിക്കുന്നു. 50 കിലോമീറ്റർ വരെ പറക്കുന്ന വവ്വാലുകൾ ഈ വിത്തുകൾ മരങ്ങൾ ഇല്ലാത്ത പ്രദേശത്ത് കൊണ്ടെത്തിച്ചു വനത്തെ നിലനിർത്താൻ പ്രധാനപങ്കാണ് വഹിക്കുന്നത്.

ചൈനീസ് മാംസച്ചന്തകളിൽ പലതരം മൃഗങ്ങൾ അടങ്ങിയ കൂടുകൾ ഒന്നിനുമുകളിൽ ഒന്നൊന്നായി അടുക്കിവെച്ചിരിക്കുന്നതുകാണാം. പ്രകൃതിയിൽ കാണാത്ത ഇത്തരം സമ്പർക്കങ്ങൾ അവയുടെ വായിലുള്ള വൈറസുകൾക്ക് മാരകശേഷി ഉണ്ടാകാൻ സഹായിക്കുന്നു.

കാട്ടുതീ കാരണം മാസങ്ങളോളം വെയിൽ ഇല്ലാതായത് പഴങ്ങൾ കുറച്ചപ്പോൾ മലേഷ്യയിൽ വവ്വാലുകൾ നാട്ടിലേക്ക് ചേക്കേറി. ബംഗ്ലാദേശിൽ പനങ്കള്ള് മനുഷ്യരും വവ്വാലുകളും പങ്കിട്ടപ്പോഴാണ് മഹാമാരിയുണ്ടായത്.

വവ്വാലുകൾ മനുഷ്യന്റെ ഭക്ഷണം കഴിക്കാൻ വന്നുതുടങ്ങി എന്നതിന്റെ, വനനശീകരണത്തിന്റെ, ആവാസ വ്യവസ്ഥയുടെ അസന്തുലിതാവസ്ഥയുടെ സൂചനയാണ് നിപ. അത് കേവലം ഒരു പകർച്ചവ്യാധി അല്ല.

?

എവിടെ നിരീക്ഷണ സംവിധാനം

**പ്രമുഖ വൈറോളജിസ്റ്റും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് വൈറോളജി ഗവേഷണകേന്ദ്രം മുൻ ഡയറക്ടറുമായ ഡോ. ജേക്കബ് ജോണുമായുള്ള അഭിമുഖം വായിക്കാൻ ക്യൂ ആർ. കോഡ് സ്കാൻ ചെയ്യുക**

mathrubhumi.com


എന്താണ് നിപ
വൈറസ് ബാധയുള്ള വവ്വാലുകളിൽ നിന്നോ പന്നികളിൽ നിന്നോ മനുഷ്യരിലേക്ക് പകരാം. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കും മൃഗങ്ങളിലേക്കും പകരാറുണ്ട്.
ലക്ഷണങ്ങൾ
പനി, തലവേദന, തലകറക്കം, ബോധക്ഷയം എന്നിവയാണ് പ്രധാന ലക്ഷണം. ചുമ, വയറുവേദന, ഛർദി, ശ്വാസതടസം എന്നിവയും ഉണ്ടാവാം. രക്തപരിശോധനയിലൂടെ സ്ഥിരീകരിക്കാം.
വവ്വാലുകളിൽ നിന്ന് മൃഗങ്ങളിലേക്ക്
വവ്വാലുകളിൽ നിന്ന് പഴങ്ങളിലേക്ക്
വൈറസ് പകരുന്ന വിധം
മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക്
പഴങ്ങളിൽ നിന്ന് മനുഷ്യരിലേക്ക്
മുൻകരുതലുകൾ
രോഗികളെ പരിചരിക്കുന്നവർ കൈയുറയും മാസ്കും ധരിക്കണം. കൈ സോപ്പുപയോഗിച്ച് ഇടവിട്ട് കഴുകണം. രോഗിയുടെ വസ്ത്രങ്ങൾ പ്രത്യേകം സൂക്ഷിക്കണം.
സൂക്ഷിക്കണം
വൈറസ് ബാധയുള്ള വവ്വാലുകളുടെ കാഷ്ഠം മനുഷ്യശരീരത്തിൽ എത്തിയാൽ രോഗം ബാധിക്കും. വവ്വാലുകൾ കടിച്ച പഴങ്ങൾ ഒഴിവാക്കുക.
കൺട്രോൾ റൂം 0495 2383100, 0495 2383101, 0495 2384100, 0495 2384101, 0495 2386100